പട്ടികവർഗ്ഗ വികസന വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനും കൂടി സംയുക്തമായി കൂടുതൽ ആദിവാസി വംശീയ വൈദ്യൻമാർക്ക് ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജനങ്ങൾക്ക് അതുവഴി കൂടുതൽ പ്രയോജന കരമായ രീതിയിൽ സേവനം ലഭിക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന വംശീയ വൈദ്യന്മാർക്ക് ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ട ധനസഹായം പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന നൽകുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അശാസ്ത്രീയമായ മത്സ്യബന്ധനംമൂലം വംശനാശ ഭീഷണി നേരിടുന്ന മത്സ്യങ്ങൾ

*10 [340] ശ്രീ. വി. കെ. സി. മമ്മത്കോയ:
" കെ. വി. കുഞ്ഞിരാമൻ:
" മഞ്ഞളാംകുഴി അലി:
" പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നല്ലയിനം മത്സ്യസമ്പത്തുകൊണ്ട് സമ്പന്നമായ കേരള കടൽ തീരത്ത് കപ്പൽ വള്ളങ്ങളും ഫാക്ടറി ട്രോളറുകളും എത്തി മത്സ്യബന്ധനം നടത്തിവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അമിത ചൂഷണം നടക്കുന്നതുമൂലം പല മത്സ്യങ്ങൾക്കും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതായുള്ള പഠന റിപ്പോർട്ടുകൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം ഇനം മത്സ്യങ്ങൾക്കാണ് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതായി കണ്ടെത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) അശാസ്ത്രീയവും അമിതവുമായ ചൂഷണം തടയാൻ സർക്കാർ എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്;

(ഇ) സംസ്ഥാനത്തുനിന്ന് മത്സ്യബന്ധനം നടത്തുന്ന ഏതെല്ലാം തരത്തിലുള്ള എത്ര ഉപകരണങ്ങൾ നിലവിലുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പലവിധ ചൂഷണംമൂലം വംശനാശം വരുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(സി) തേട്, പരവ, സ്രാവ്, തിരണ്ടി, മുള്ളൻ എന്നിവ വംശനാശ ഭീഷണി നേരിടുന്നു.

(ഡി) കടൽ മേഖലയിലെ സമ്പത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെട്ട തിനെ തുടർന്ന് അതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിനായി വിദഗ്ദ്ധ കമ്മറ്റികളെ നിയോഗിച്ച് പഠനം നടത്തുകയും ടി കമ്മറ്റികളുടെ ശുപാർശ അനുസരിച്ചുള്ള എല്ലാ നിയന്ത്രണങ്ങളും നടപ്പിലാക്കുകയും ചെയ്തുവരുന്നു.

(ഇ) ഏകദേശം 4,510 യന്ത്രവത്കൃത ബോട്ടുകളും 29,395 എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങളും 21,956 നാടൻ തോണികളും നിലവിലുണ്ടെന്ന് കണക്കാക്കിയി രിക്കുന്നു.

പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളുടെ പ്രവർത്തനം

*11 [341] ശ്രീ. ഷിബു ബേബിജോൺ:
„ ജോണി നെല്ലൂർ:
„ ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്കായി പ്രവർത്തി ക്കുന്ന പ്രീ-എക്സാമിനേഷൻ സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇത്തരം സെന്ററുകൾ കൂടുതൽ ആരംഭിക്കുവാൻ ആലോചിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ ഡി.റ്റി.പി., ഡാറ്റാ എൻട്രി എന്നീ കംപ്യൂട്ടർ കോഴ്സുകൾ ആരംഭിക്കു ന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പി.ഇ.റ്റി.സി.-കളുടെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly